## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **11-10-2024 - ൽ മറുപടിയ്ക്ക്**

## കർഷകരുടെ വരുമാനം മെച്ചപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനും കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനും സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (എ) | ജനകീയാസൂത്രണ പദ്ധതി പ്രകാരം കണ്ണൂർ - കൈപ്പാട് മേഖലയിൽ ഉൾപ്പെട്ട കണ്ണപുരം,ഏഴോം, നാറാത്ത്, ചെറുകുന്ന്, രാമന്തളി, കുഞ്ഞിമംഗലം, പട്ടുവം എന്നീ പഞ്ചായത്തുകളിലെ 91.97 ഹെക്ടർ സ്ഥലത്ത് വിത്ത്, കൂലിച്ചെലവ് എന്നിവ നൽകി വരുന്നു.<br><br>കോഴിക്കോട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25ലെ പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനായി കൈപ്പാട് കൃഷി –സ്ഥിരം കൃഷി ഇനത്തിൽ തിക്കോടി, അത്തോളി പഞ്ചായത്തുകളിലുമായി 41.25 ഹെക്ടറിനു ആകെ 13,20,000/- രൂപ (പതിമൂന്ന് ലക്ഷത്തി ഇരുപതിനായിരം മാത്രം) ജില്ലയിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കാസർഗോഡ് കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനായി ജനകീയാസൂത്രണ പദ്ധതികളിൽ വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 2023-2024 സാമ്പത്തിക വർഷത്തിൽ 3.808 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിൽ വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 1.96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പാട് മേഖലയിലെ കർഷകർക്ക് യന്ത്രവൽക്കരണം, നെൽവിത്തു സംരക്ഷണം, ജൈവവൈവിധ്യാ ധിഷ്ഠിത കൃഷി എന്നിവയുടെ സമഗ്ര വികസനത്തിനായി 4.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൈപ്പാട് അരിയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളും സംഭരിക്കാനും വിപണനം ചെയ്യാനും കണ്ണൂരിലെ ചെറുകുന്ന് പഞ്ചായത്തിൽ കൈപ്പാട് സെന്റർ ആരംഭിച്ചു. സമ്പൂർണ കാർഷിക |

| | | | |
|---|---|---|---|
| | | | യന്ത്രവൽക്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ഭക്ഷ്യ സുരക്ഷാ ആർമി (എഫ്.എസ്.എ) അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ ഭാഗമായി ഒരു കാർഷിക സേവന കേന്ദ്രം സ്ഥാപിച്ചു. കൈപ്പാട് അരിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. അഞ്ച് കൈപ്പാട് ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ് ഫോമിൽ ലഭ്യമാണ്.കൈപ്പാട് ഉൽപന്നങ്ങൾ റെയിൽവേ സ്റ്റേഷനുകളിൽ കേന്ദ്രസർക്കാരിന്റെ ‘ഒരു സ്റ്റേഷൻ ഒരു ഉൽപ്പന്നം’ എന്ന സ്റ്റാളിൽ വിൽപ്പന നടത്തിവരുന്നു.<br><br>സ്റ്റേക്ക് ഹോൾഡേഴ്സ് സൊസൈറ്റി മുഖേന അഞ്ച് കൈപ്പാട് നെല്ലിനങ്ങളുടെ വിത്ത് ഗ്രാമം പരിപാടി നടത്തിയിട്ടുണ്ട്. കൈപ്പാട് കേന്ദ്രത്തോ ടൊപ്പം ‘എം.കെ.എഫ്.എസ് (മലബാർ കൈപ്പാട് ഫാർമർ സൊസൈറ്റി) റൈസ് ബൗൾ' എന്ന പേരിൽ ഫുഡ് പാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിലെ ഒരേക്കർ റവന്യൂ ഭൂമിയിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൈപ്പാട് മേഖലയിൽ ഫാം ടൂറിസവും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ